**വനിത ശിശു വികസന ഡയറക്ടറുടെ നടപടിക്രമങ്ങൾ**

**ഹാജർ):അനുപമ റ്റി വി.IAS)**

വിഷയം: വനിതാ ശിശു വികസന വകുപ്പ്- കാതോർത്ത് പദ്ധതി നടപ്പാക്കൽ- ഒരു വർഷത്തേക്കുള്ള online consultation നടത്തുന്നതിന് virtual platform വാങ്ങുന്നതിന് തുക അനുവദിച്ച് ഉത്തരവാകുന്നു.

പരാമർശം : 1. 1.02.2021 തീയതിയിലെ ഇതേ നമ്പർ പരിപത്രം.

2. 08.03.2021 തീയതിയിലെ ഇതേ നമ്പർ കത്ത്.

**ഉത്തരവ് നമ്പർ: WEC4/72864/2021 തീയതി:25.03.2021**

സമൂഹത്തിൽ വിവിധ തരം പ്രശ്നങ്ങൾ നേരിടുന്ന സ്ത്രീകൾക്കായി ഓൺലൈൻ കൺസൾട്ടേഷൻ നൽകുന്ന കാതോർത്ത് പദ്ധതി നടപ്പാക്കുന്നതുമായി ബന്ധപ്പെട്ട് പരാമർശം പ്രകാരം നിർദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. കോവിഡ് പശ്ചാത്തലം പരിഗണിച്ച് കാതോർത്ത് പദ്ധതിയുടെ തുടർ നടത്തിപ്പിനും മഹിള ശക്തി കേന്ദ്ര പദ്ധതി മുഖേനെയുള്ള സ്ത്രീ ശാക്തീകരണ പരിപാടികൾ സംഘടിപ്പിക്കുന്നതിനുമായി ഓൺലൈൻ സംവിധാനം ഏർപ്പെടുത്തേണ്ടതുണ്ട്.

ടി സാഹചര്യത്തിൽ സമൂഹത്തിൽ വിവിധ തരം പ്രശ്നങ്ങൾ നേരിടുന്ന സ്ത്രീകൾക്കായി ഓൺലൈൻ കൺസൾട്ടേഷൻ നൽകുന്ന കാതോർത്ത് പദ്ധതി നടപ്പാക്കുന്നതിനും, മഹിള ശക്തി കേന്ദ്ര പദ്ധതി മുഖേനെയുള്ള സ്ത്രീ ശാക്തീകരണ പരിപാടികൾ സംഘടിപ്പിക്കുന്നതിനുമായി ഒരു വർഷ കാലയളവിലേക്ക്( 01.04.2021 മുതൽ 31.03.2022വരെ) virtual platform വാങ്ങുന്നതിന് അനുമതി നൽകിയും ആയതിലേക്ക് ഒരു ജില്ലയ്ക്ക് 15,000/-രൂപ വീതം (ടാക്സ് ഉൾപ്പെടെ) എല്ലാ ജില്ലകൾക്കുമായി ആകെ 2,10,000/-(രണ്ട് ലക്ഷത്തി പതിനായിരം രൂപ മാത്രം) രൂപ അനുവദിച്ചും ഉത്തരവാകുന്നു.

ടി ആവശ്യത്തിനുള്ള തുക നടപ്പ് സാമ്പത്തിക വർഷം 2235-02-103-54(P) ശീർഷകത്തിൽ നിന്നും വിനിയോഗിക്കേണ്ടതാണ്.

(ഒപ്പ്)

**വനിത ശിശു വികസന ഡയറക്ടർ**

എല്ലാ ജില്ല വനിതാ ശിശു വികസന ഓഫീസർമാർക്കും.

പകർപ്പ്

1. സൂപ്രണ്ട്, എ സെക്ഷൻ (അലോട്ട്മെന്റ് അനുവദിക്കുന്നതിന്)
2. സ്റ്റോക്ക് ഫയൽ /സ്പെയർ

ഉത്തരവിൻ പ്രകാരം

സൂപ്രണ്ട്

sg